എ.ഐ.ഐ.എം.എസ് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ

81 (6786) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എ.ഐ.ഐ.എം.എസ്.) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി നൽകിയോ എന്നറിയിക്കാമോ ;

(സി) ഇതിനുവേണ്ടി സ്ഥലം ഏതുരീതിയിൽ ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എ.ഐ.ഐ.എം.എസ്) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ അറിയിപ്പ് ലഭിച്ചിട്ടുണ്ട്. റോഡുകൾ, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതും 200 ഏക്കർ സ്ഥലസൗകര്യമുള്ളതുമായ മൂന്നോനാലോ പ്രദേശങ്ങളാണ് സംസ്ഥാന സർക്കാർ നിർദ്ദേശിക്കേണ്ടത്. ഇതിനുശേഷം കേന്ദ്ര പ്രതിനിധികൾ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയും ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം തെരഞ്ഞെടുത്ത് കേന്ദ്ര സർക്കാരിന് നിർദ്ദേശം സമർപ്പിക്കുകയും ചെയ്യും.

(സി) ഇതുസംബന്ധിച്ച തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

അസിസ്റ്റന്റ് എന്റമോളജിസ്റ്റ്-എന്റമോളജിസ്റ്റ് നിയമനം

82 (6787) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസിസ്റ്റന്റ് എന്റമോളജിസ്റ്റ് നിയമനത്തിനുള്ള മാനദണ്ഡങ്ങൾ (സ്പെഷ്യൽ റൂൾസ്) നിലവിലുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് സഹിതം വിശദാംശം നൽകുമോ ;

(ബി) മുൻ സർക്കാർ സീനിയോറിറ്റി മറികടന്ന് അസിസ്റ്റന്റ് എന്റമോളജിസ്റ്റ്-എന്റമോളജിസ്റ്റ് തസ്തികയിൽ നടത്തിയ നിയമനങ്ങളെ സംബന്ധിച്ച് പരാതിയോ കോടതി വ്യവഹാരമോ നിലനിൽക്കുന്നുണ്ടോ ; ഇതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന വിവരം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly